

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

**09 AUGUST 2019**
**07 DHUL-HIJJAH 1440 AH**

# THE STORY OF THE KA'ABA
# കഅ്ബയുടെ ചരിത്രം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **കഅ്ബയുടെ ചരിത്രം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

മക്ക, സൗദിഅറേബ്യയിലെ ഏറ്റവും തിരക്കേറിയ പരിശുദ്ധ നഗരമാകുന്നു. പരിശുദ്ധ പള്ളി (മസ്ജിദുൽഹറം) സ്ഥിതി ചെയ്യുന്നത് മക്കയിലാകുന്നു. സമുദ്രനിരപ്പിൽ നിന്നും 350മീറ്റർ ഉയരത്തിൽ അറേബ്യൻ ഉപദ്വീപിൽ സ്ഥിതിചെയ്യുന്ന ഒരു നഗരമാകുന്നു മക്ക. പ്രസ്തുത പള്ളി സ്ഥിതി ചെയ്യുന്നത് ബക്ക എന്നപേരിൽ അറിയപ്പെടുന്ന ഒരു സ്ഥലത്താണ്.

ഈ പള്ളിയുടെ അസ്ഥിവാരമിട്ടത് ഹസ്രത് ഇബ്റാഹീം (അ)ന്റെ കാലത്തോളം പഴക്കത്തിലാണ്. അദ്ദേഹം അല്ലാഹുവിന്റെ പ്രവാചകനും ഖലീലും (സ്നേഹിതൻ) ആയിരുന്നു. ഇതേ നഗരത്തിൽ തന്നെയാണ് പരിശുദ്ധ പ്രവാചകൻ, ഇസ്ലാമിന്റെ പ്രവാചകൻ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഭൂജാതനായത്. ഇസ്ലാമിന്റെ വെളിച്ചം പകർന്ന വെളിപാടുകളുടെ തൊട്ടിലും ഇവിടെതന്നെ ആയിരുന്നു. അവിടെ തന്നെയാണ് പരിശുദ്ധ പള്ളിയുടെ ഉത്പതനം ഉണ്ടായതും. മാനവരാശിയുടെ ആരാധനയ്ക്കായി ഭൂമിയിൽ സ്ഥാപിക്കപ്പെട്ട പ്രഥമ ഭവനം. പരമോന്നതനായ അല്ലാഹു(ത)യുടെ വാക്കുകളിലൂടെ തന്നെ അത് സ്ഥിരീക്കപ്പെട്ടിരിക്കുന്നു. സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം മക്കയിലുള്ളതു തന്നെയാണ് (അത്) അനുഗൃഹീതവും സർവ്വലോകർക്കുമുള്ള മാർഗദർശക കേന്ദ്രവുമത്രെ. (3:97)

അബൂദർറ് (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു, അതായത്

അദ്ദേഹം പറഞ്ഞു. ഞാൻ ദൈവദൂതൻ(സ)നോട് ചോദിക്കുകയുണ്ടായി. ഭൂമിയിലെ പ്രഥമ ആരാധനാലയത്തെ സംബന്ധിച്ച്! അപ്പോൾ അദ്ദേഹം പറഞ്ഞു. അത് ആ പരിശുദ്ധ പള്ളി ആകുന്നു. അപ്പോൾ ഞാൻ വീണ്ടും ചോദിച്ചു. അതിനുശേഷം ഏതു പള്ളിയാണ്? അപ്പോൾ അദ്ദേഹം പറയുകയുണ്ടായി, (അതിനുശേഷം) അൽഅഖ്സാ പള്ളിയാകുന്നു. ഞാൻ വീണ്ടും ചോദിച്ചു ഇവ തമ്മിൽ കാലപ്പഴക്കത്തിൽ എത്ര വ്യത്യാസമുണ്ട്? അദ്ദേഹം പ്രതിവചിച്ചു 40 വർഷം!

കിഴക്കും പടിഞ്ഞാറുമുള്ള സകല മുസ്ലിംകളും അവരുടെ ആരാധനയ്ക്കായി കഅ്ബയുടെ നേരെ തിരിഞ്ഞു നിന്നു പ്രാർത്ഥിക്കുന്നു. പരിശുദ്ധ ഭവനത്തിന്റെ ഏകദേശം മധ്യഭാഗത്തായി കഅ്ബ സ്ഥിതി ചെയ്യുന്നു. ഇതിന് 15മീറ്റർ ഉയരമുണ്ട്. മിക്കവാറും സമചതുരത്തിലുള്ള നീളമുള്ള സമചതുരക്കട്ടയായി കാണപ്പെടുന്നു. പരമോന്നതനായ അല്ലാഹു(ത)യുടെ കല്പന പ്രകാരം ഹസ്രത് ഇബ്റാഹീം (അ)യാണ് ഇത് നിർമ്മിച്ചത്. പരമോന്നതനും മഹത്വമുടയുവനുമായ അല്ലാഹു(ത) പറയുന്നു. ഓർക്കുക, ഇബ്റാഹീമിന് നാം പരിശുദ്ധ ഭവനത്തിന്റെ സ്ഥലം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (നാം അദ്ദേഹത്തോട്) കല്പിച്ചു. നീ എനിക്ക് ഒരു വസ്തുവിനെയും പങ്കാളിയാക്കി വെയ്ക്കരുത്. പ്രദക്ഷിണം ചെയ്യുന്നവർക്കും, നിന്നും കുനിഞ്ഞും കുമ്പിട്ട് കൊണ്ട് ആരാധന നടത്തുന്നവർക്കു വേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കി വെയ്ക്കുക (22:27)

ബവ്വഅ്നാ എന്ന പദംകൊണ്ടർത്ഥമാക്കുന്നത് നാം ഇതിന് മാർഗനിർദ്ദേശം നല്കി, അതിനുള്ള സൗകര്യങ്ങളൊരുക്കി, നിർമ്മിക്കുവാനുള്ള അനുവാദവും നല്കി എന്നാകുന്നു. ഇതു സംബന്ധമായി സർവ്വശക്തനായ അല്ലാഹു(ത)പറയുന്നു. ഓർമ്മിക്കുക! ഇബ്റാഹീമും ഇസ്മായീലും (മക്കയിലെ) ആ മന്ദിരത്തിന്റെ അസ്ഥിവാരം പടുത്തുയർത്തുകയായിരുന്നപ്പോൾ, (അവർ പ്രാർത്ഥിച്ചു) ഞങ്ങളുടെ നാഥാ, ഞങ്ങളിൽ നിന്ന് (ഈ സേവനത്തെ) സ്വീകരിക്കേണമെ! നിശ്ചയമായും എല്ലാം കേൾക്കുവാനും നന്നായി അറിയുന്നവനും നീ തന്നെയാണല്ലോ? (21:28)

## THE KA'ABA DESECRATED BY THE POLYTHEISTS AND IDOLATERS

## ബഹുദേവതാരാധകരും വിഗ്രഹാരാധകരും ചേർന്ന്

## കഅ്ബയെ അശുദ്ധമാക്കി

കാലത്തിന്റെ പ്രയാണത്തിൽ, ഹസ്രത് ഇബ്റാഹീം (അ) അവരെ പഠിപ്പിച്ച, അറബികളെ പഠിപ്പിച്ച, അല്ലാഹു(തയുടെ ഏകത്വത്തിന്റെ അടിസ്ഥാന തത്വം അവർ മറന്നു. അവർ ബഹുദേവതാരാധകരും വിഗ്രഹാരാധകരുമായി മാറി. അവർ 360 വിഗ്രഹങ്ങളെ ആരാധിച്ചിരുന്നു. അതിൽ പ്രമുഖർ ഹുബൽ, ലാത്ത, ഉസ്സ എന്നിവയായിരുന്നു. എന്നിരുന്നാലും ഏകദൈവമായ (ഇലാഹ്) ന്റെ പേര് അവർ പൂർണ്ണമായും മറന്നിരുന്നില്ല. കഅ്ബയെ പ്രദക്ഷിണം വെയ്ക്കുന്ന ആചാരപരമായ ചടങ്ങ് അവർ കാത്തു സൂക്ഷിച്ചിരുന്നു. എന്നാൽ അവർ അത് ആചരിച്ചിരുന്നത് ആരോഗ്യപരമായ നിലയിലായിരുന്നില്ല, മറിച്ച് സാത്താനികമായ രീതിയിലായിരുന്നു. കഅ്ബയെ അവർ അപരിഷ്കൃതമായ ഒരു സമ്മേളന സ്ഥലമാക്കി മാറ്റി. കാരണം വിഗ്രഹാരാധകർ ധരിച്ചുവശായി, അതായത് അവർ ജനിച്ചത് നഗ്നരായിട്ടാണ്, അതുകൊണ്ട് തന്നെ, ഈ പരിശുദ്ധ ആചാരാനുഷ്ഠാനങ്ങളും നിർവ്വഹിക്കേണ്ടത് നഗ്നരായിട്ടാണ്!നഗ്നരായി ജനിച്ചതിനാൽ അവരുടെ ദേവതമാരുടെ മുൻപിലും നഗ്നരായി വേണം ചെല്ലേണ്ടത്! ഇതായിരുന്നു അവരുടെ വിശ്വാസവും ധാരണയും!

ഈ സാഹചര്യങ്ങളിൽ, ആചാരപരമായ, ഈ പ്രദക്ഷിണം, ഒരാഘോഷത്തിന്റെ പരിവേഷം ചാർത്തപ്പെട്ടു. ഒരു വിഭാഗം ആളുകൾ പ്രദിക്ഷിണ ചടങ്ങുകൾ നടത്തുമ്പോൾ, മറ്റു ചിലർ വാണിജ്യത്തിലേർപ്പെടുന്നു. അതോടനുബന്ധിച്ച് മേളകൾ സംഘടിപ്പിക്കപ്പെടുന്നു. അല്പം കൊടുത്തിട്ടാണെങ്കിലും ശരി അവർ എല്ലാം വാങ്ങുന്നു. മദ്യവും, സുഗന്ധവസ്തുക്കളും, സ്വാദുകൂട്ടുന്ന സാധനങ്ങളും, ദേവതകളെയും, സ്ത്രീകളെയും അവർ വാങ്ങുന്നു. സ്ത്രീകളെ ചിലപ്പോൾ കുറഞ്ഞ വിലയ്ക്കും വില്ക്കപ്പെടും. സാത്താന്റെ ആശ്ചര്യപ്രകടനം വ്യക്തമായും നിറവേറ്റപ്പെടുക തന്നെ ചെയ്യും.

ഇതോടെ ഇബ്രാഹിം (അ)ന്റെ പ്രവർത്തനം (അതോടുകൂടി) അവസാനിച്ചു പോയിരിക്കുന്നു എന്ന് നമുക്ക് ചുരുക്കി പറയുവാൻ കഴിയുമോ? അതിന്റെ ഉത്തരം തീർച്ചയായും ഇല്ല എന്നുതന്നെയാണ്.

## THE DIVINE PROTECTION ON THE KA'ABA.

### കഅ്ബയുടെ മേൽ ദൈവീക സംരക്ഷണം:

അല്ലാഹു(ത) കഅ്ബയെ സദാ വീക്ഷിച്ചുകൊണ്ടിരിക്കു

കയാണ്. ഹസ്രത് ഇബ്റാഹീം(അ) ഇപ്രകാരം അവനോടു പ്രാർത്ഥിക്കുകയുണ്ടായി. ഞങ്ങളുടെ നാഥാ! അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നീ അവരിൽ നിന്നും എഴുന്നേല്പിക്കേണമെ! തീർച്ചയായും പ്രതാപശാലിയും അഗാധ ജ്ഞാനിയും നീ തന്നെയാകുന്നു (2:130)

ഈ പ്രാർത്ഥന ഏകദേശം 2500 വർഷങ്ങൾക്ക് ശേഷം ഹസ്രത് മുഹമ്മദ് മുസ്തഫ(സ)ലൂടെ പൂർത്തിയാവുകയുണ്ടായി. അദ്ദേഹത്തിന് 35 വയസ്സ് പ്രായമായിരുന്നു. ഔപചാരികമായി അല്ലാഹു(ത) ആ സമയത്ത് ബോധനം നല്കിയിട്ടുണ്ടായിരുന്നില്ല. കഅ്ബ ചരിത്രത്തിന്റെ നിർണ്ണായകമായ മൂന്നാമത്തെ കാലചക്രം അദ്ദേഹം ഉത്ഘാടനം ചെയ്യുകയുണ്ടായി.

അബ്റഹാമിക് കാലഘട്ടത്തിനു ശേഷം, കേവലം 23 വർഷം കൊണ്ട് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) കഅ്ബ ചരിത്രത്തിന്റെ രീതിക്ക് മാറ്റം വരുത്തുകയുണ്ടായി. അറേബ്യയിലെ വിഗ്രഹാരാധകരെല്ലാം ഏകേശ്വരവാദികളായി മാറി, ഏകദൈവ വിശ്വാസികളായി മാറി. പരിശുദ്ധ ഭവനത്തിന്റെ പരിണാമ രൂപമായ വളർച്ചയ്ക്ക് ഈ ആളുകൾ, അവരുടേതായ നിലയിൽ സ്വാധീനം ചെലുത്തുകയുണ്ടായി.

കഅ്ബയ്ക്ക് 2500 വർഷപഴക്കമുണ്ട്, അതുകൊണ്ടു തന്നെ മോശം പരിതസ്ഥിതിയിലൂടെ അതിന് പ്രതിരോധിച്ചു നില്ക്കുവാൻ കഴിഞ്ഞില്ല. അവസാനത്തെ വലിയ വെള്ളപ്പൊക്കത്തിൽ (പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)യുടെ കാലത്തെ) അതിന്റെ ഭിത്തികൾ നിലം പതിക്കുകയുണ്ടായി. ഖുറൈഷികൾ, ഇസ്ലാമായീൽ (അ)ന്റെ അനന്തരാവകാശികൾ അവയെ പുനർനിർമ്മിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ അവർ വിമുഖതകാട്ടി, കാരണം അവർ അബ്റഹയുടെ ചരിത്രം അപ്പോഴും അവരുടെ ഓർമ്മകളിൽ തങ്ങി നിന്നു.

35 വർഷങ്ങൾക്ക് മുൻപ് 570ൽ പ്രവാചകനായ മുഹമ്മദ് (സ)യുടെ ജനനത്തിന് രണ്ടു മാസം മുൻപ് അബ്റഹ അശ്റം യമനിലെ അബിസീനിയൻ ഗവർണ്ണർ, മക്കയിലേക്ക് വരികയുണ്ടായി. അദ്ദേഹം വലിയ ആനകളുടെ ആർമിയുമായിട്ടാണ് കഅ്ബ പൊളിക്കുവാനായി പുറപ്പെട്ടത്. പകരം കഅ്ബ യമ

നിൽ നിർമ്മിക്കുവാനായുള്ള ഉദ്ദേശത്തോടെയായിരുന്നു പ്രസ്തുത പുറപ്പാട്! തീർത്ഥാടകരിൽ നിന്ന് വാണിജ്യപരമായ നേട്ടം തനിക്കും രാജ്യത്തിനും ലഭിക്കണമെന്നുള്ള ഉദ്ദേശമായി രുന്നു അദ്ദേഹത്തിന്! കാരണം ലോകത്തിന്റെ ഈ ഭാഗ ത്തുള്ള ഏറ്റവും വലിയ വാണിജ്യമേളയായിരുന്നു മക്കയിൽ അരങ്ങേറിക്കൊണ്ടിരുന്നത്.

മക്കയുടെ ഭ്രാന്തപ്രദേശങ്ങളിൽ എത്തിച്ചേർന്ന ഉടൻത ന്നെ, അവർതങ്ങളുടെ ഒട്ടകങ്ങളെ എല്ലാം കണ്ടു കെട്ടി. മക്ക ക്കാർക്ക് അബ്സീനക്കാരുടെ ശക്തമായ സൈന്യത്തെ നേരിടുവാനുള്ള ശക്തി ഇല്ലായിരുന്നു. പരിസര പ്രദേശ ത്തുള്ള പർവ്വത പ്രദേശങ്ങളിലേക്ക്, മക്കാവാസികൾ രക്ഷപെ ട്ടോടി, പ്രവാചകനായ മുഹമ്മദ് മുസ്തഫ(സ) തങ്ങളുടെ മുത്ത ച്ഛനായ അബ്ദുൽ മുത്വലിബ് മക്കവാസികളുടെ നേതാവായ അദ്ദേഹം, ഒളിച്ചോടുവാൻ തയ്യാറായില്ല. പകരം അബ്ദുൽ മുത്വ ലിബ്, അബ്റഹയെ, കാണുവാൻ മക്കയിലെ പ്രാന്ത പ്രദേശ ത്തേക്കു പോയി.

അദ്ദേഹത്തെ കണ്ടപ്പോൾ, അബ്റഹ കരുതി, കഅ്ബയെ നശിപ്പിക്കരുത് എന്ന് യാചിക്കുവാൻ വന്നതാണെ ന്ന്, എന്നാൽ കാര്യം അങ്ങനെ ആയിരുന്നില്ല. അബ്ദുൽ മുത്വ ലിബ് ചെന്നത് കൊള്ളയടിച്ചെടുത്ത തന്റെ ഒട്ടകങ്ങളെ തിരികെ ചോദിക്കുവാനാണ്. അദ്ദേഹത്തെ കണ്ടപ്പോൾ (അ ബ്റഹ) ചിന്താക്കുഴപ്പത്തിലായി. അബ്ദുൽ മുത്വലിബ് അദ്ദേ ഹത്തോട് പറഞ്ഞു. ഒട്ടകങ്ങൾ ഞങ്ങളുടേതാകുന്നു. കഅ്ബയെ സംബന്ധിച്ചിടത്തോളം, അത് അതിന്റെ ഉടമസ്ഥൻ നോക്കിക്കൊള്ളും.

അബ്റഹയുടെ ശക്തമായ സൈന്യം കഅ്ബയുടെ പരി പാപനമായ സ്ഥലത്തേക്കുള്ള പുറപ്പാടിലായിരുന്നു. മിനയിലെ (വാദിമുഹസ്സർ) എന്ന താഴ്വരയിൽ പ്രസ്തുത സൈന്യം നില്ക്കുവൻ നിർബന്ധിതരായി തീർന്നു. കാരണം ആനകൾ മുന്നോട്ടു നീങ്ങുവാൻ തയ്യാറായില്ല. അപ്പോൾ അല്ലാഹു(ത) കഅ്ബയുടെ രക്ഷാധികാരി, പക്ഷികളുടെ ഒരു സൈന്യത്തെ നിയോഗിക്കുകയും അവ അബ്റഹത്തിന്റെ സൈന്യത്തിനു മേൽ ചെറിയ സിജ്ജീൽ (കളിമൺ) കല്ലുകൾ വർഷക്കുകയും ചെയ്തു. തദനന്തരം അബ്റഹയും സൈന്യവും നശിച്ചൊടു ങ്ങുകയും ചെയ്തു. നിന്റെ നാഥൻ ആ ആനകളുടെ ആളുക

ളുമായി എങ്ങനെ പെരുമാറിയെന്ന് നീ കണ്ടില്ലേ? അവരുടെ കുതന്ത്രത്തെ അവൻ പാഴാക്കിയില്ലേ? അവരുടെ മേൽ കൂട്ടം കൂട്ടമായ പക്ഷികളെ അവനയക്കുകയും ചെയ്തു. അവ ചുട്ടക ളിമൺ കല്ലുകൾ കൊണ്ട് അവരെ എറിയുന്നുണ്ടായിരുന്നു. അങ്ങനെ അവൻ അവരെ തിന്നു മെതിക്കപ്പെട്ട വൈക്കോൽ പോലെയാക്കിത്തീർന്നു. (105:2-6)

## THE RECONSTRUCTION OF THE KA'ABA

## കഅ്ബയുടെ പുനർനിർമ്മാണം

ഈ കല്ലുകളുടെ അത്ഭുതസിദ്ധിയും കഴിവും എന്തായി രുന്നു? ഇതു സംബന്ധമായി അല്ലാഹു(ത)യ്ക്ക് മാത്രമെ അറി യുകയുള്ളു. അതിന്റെ രഹസ്യവും അവനു മാത്രമേ അറിയുക യുള്ളു. ഇക്കാരണത്താലാണ് ഖുറൈഷികൾ കഅ്ബ പൊളി ക്കുവാനും പുനർനിർമ്മിക്കുവാനും തയ്യാറാകാതെ മടിച്ചു നിന്ന ത്. ഒടുവിൽ അവരുടെ നേതാക്കന്മാരിൽ ഒരാളായ വലീദ്ബ്ന് മുഗീറ: അവരോടു പറഞ്ഞു. നമ്മുടെ ഉദ്ദേശം അബ്റഹയുടെ ഉദ്ദേശം പോലെയല്ല. നമ്മെ സംബന്ധിച്ചിടത്തോളം, പ്രസ്തുത കെട്ടിടം പുനർനിർമ്മിക്കണം എന്നുള്ളതു മാത്രമാകുന്നു. വെള്ളപ്പൊക്കത്തിൽ സംഭവിച്ച കേടുപാടുകൾ നീക്കം ചെയ്യു ക. ഇക്കാര്യം അവർക്കു ബോധ്യമായപ്പോൾ, അവർ അതു നിർമ്മിക്കുന്നതിനുള്ള സാമ്പത്തികം കണ്ടെത്തുകയും ചെയ്തു. എന്നാൽ നിരോധിത കൊടുക്കൽ വാങ്ങലിൽ നിന്നുള്ള ധനം അതിനാൽ അവർ സ്വീകരിക്കുവാൻ തയ്യാറാ യില്ല. ഈ സമീപനം വളരെ അഭിനന്ദനാർഹവും സംഭവിക്കു വാൻ പോകുന്ന മാറ്റത്തിന്റെ സൂചകമാവുകയും ചെയ്തു. മുഹ മ്മദ് (സ) ഒരു മാതൃകാപൗരൻ, സജീവമായി പ്രസ്തുത പരിശു ദ്ധഭവനത്തിന്റെ പുനർനിർമ്മാണ പ്രക്രിയയിൽ പങ്കെടുക്കുക യുണ്ടായി. അബൂഖുബൈസ് പർവ്വതത്തിൽ നിന്നും അദ്ദേഹ ത്തിന്റെ ചുമലിൽ വെച്ച് വലിയ കല്ലുകൾ പുനഃനിർമ്മാണ ത്തിനായി കൊണ്ടു വരികയുണ്ടായി. നിർമ്മാണം വളരെ വേഗത്തിൽ പൂർത്തീകരിക്കപ്പെട്ടു.

കറുത്തകല്ല് അതിന്റെ യഥാസ്ഥാനത്ത് വെയ്ക്കുന്നതു സംബന്ധമായി അവർക്കിടയിൽ ഒരു തർക്കമുണ്ടായി. വിവിധ ഗോത്രക്കാർ അക്കാര്യത്തിൽ വഴക്കിലായി. ഓരോ ഗോത്ര ക്കാർക്കും പ്രസ്തുത കല്ലുവെയ്ക്കുന്നതിന്റെ ബഹുമതി ലഭി ക്കണമെന്നുള്ള മാൽസര്യമായി. വഴക്ക് അതിരു കടന്നു. ഗോത്ര

തലവന്മാർ പരസ്പരം വെട്ടിച്ചാകുമെന്ന അവസ്ഥയിലെത്തി.

ഈ അഭിപ്രായ വ്യത്യാസം കുറെ ദിവസ്സം തുടർന്നു. അതിന് ഒരു പരിഹാരവും കണ്ടെത്തുവാനായില്ല. ഒടുവിൽ, അബൂ ഉമയ്യൽ മക്ക്സൂമി അവരിലെ പ്രായത്താൽ മുൻകടന്ന നേതാവ്, ഒരു നിർദ്ദേശം വെയ്ക്കുകയുണ്ടായി. അല്ലയോ ! എന്റ സഹോദരന്മാരെ! നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ പ്രതീപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. അതേ സമയം നിങ്ങൾ പരസ്പരം കൊല്ലുവാനും തയ്യാറാകുന്നു. അസ്സഫാ ഗേറ്റിലൂടെ ആദ്യം പ്രവേശിക്കുന്ന ആൾ ഈ തർക്കം പരിഹരിക്കുന്നതാണ്. ഈ പ്രശ്ന പരിഹാരം അദ്ദേഹത്തിന് വിട്ടുകൊടുക്കുക.

ഈ നിർദേശം എല്ലാവരും അംഗീകരിക്കുകയും അതിനായി അവർ കാത്തിരിക്കുകയും ചെയ്തു. ഉദ്യോഗജനകത്വം വളരെ വലുതായിരുന്നു. പെട്ടെന്ന് ഒരാൾ പ്രവേശിച്ചു. എല്ലാവരും ഒത്തൊരുമിച്ച് വിളിച്ചു പറഞ്ഞു. മുഹമ്മദ്, അൽഅമീൻ, വിശ്വസ്തനായ മനുഷ്യൻ! എല്ലാവരും സംതൃപ്തരായി, ആശ്വാസത്തിലുമായി! അവർ അദ്ദേഹത്തെ കണ്ടപ്പോൾ! വഴക്കു സംബന്ധമായുള്ള കാര്യം അദ്ദേഹത്തോട് പറഞ്ഞു. മുഹമ്മദ് (സ)പെട്ടെന്നു തന്നെ എല്ലാവരേയും സംതൃപ്തരാക്കിത്തീർക്കുകയുണ്ടായി. ഒരു വലിയ വസ്ത്രം കൊണ്ടുവരുവാൻ അദ്ദേഹം അവരോടു പറഞ്ഞു. എന്നിട്ട് കറുത്തകല്ല് അതിൽ വെച്ചു. ഓരോ ഗ്രോതത്തിന്റെയും തലവന്മാരോടു പ്രസ്തുത വസ്ത്രത്തിന്റെ ഓരോ ഭാഗം പിടിക്കുവാൻ പറഞ്ഞു. എല്ലാവരും ചേർന്ന് വസ്ത്രം ഉയർത്തി കല്ല് അതിന്റെ നിശ്ചിത സ്ഥാനത്തേക്കുയർന്നു കഴിഞ്ഞപ്പോൾ, മുഹമ്മദ് അതെടുത്തു, അതിന്റെ നിശ്ചിത സ്ഥാനത്തു അദ്ദേഹം സ്വയം വെയ്ക്കുകയുണ്ടായി. പ്രവാചകനായ ഇബ്റാഹിം (അ) ചെയ്തതുപോലുള്ള ഒരു അർത്ഥ സൂചനയായി ഈ സംഭവം! പ്രവാചക ദൗത്യത്തിന്റെയും പിൻതുടർച്ചയുടെയും ഒന്നിച്ചു ചേർക്കലിന്റെയും തെളിവായി ഇത് എണ്ണപ്പെടുകയും ചെയ്തു.

## THE IMPORTANCE OF THE BLACK STONE:

### കറുത്തകല്ലിന്റെ പ്രാധാന്യം

ഇബ്ന് അബ്ബാസ്(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ദൈവദൂതൻ(സ) പറഞ്ഞിരിക്കുന്നു. പാലിനെക്കാൾ വെൺമയോടെ സ്വർഗ്ഗത്തിൽ നിന്നും ഇറക്കപ്പെട്ടതാണ് കറുത്തകല്ല് മാനവപാപങ്ങൾ അതിനെ കറുത്തതാക്കി തീർത്തു. (തിർമി

ദി, അഹ്മദ്

നിരീശ്വരവാദികൾ, ഞാൻ ഉദ്ധരിച്ച ഈ ഹദീസിനെ വിമർശനങ്ങൾ നല്കിയിട്ടുണ്ട്. എങ്ങനെയാണ് വിഗ്രഹാരാധകരുടെ പാപങ്ങളാൽ ഈ കല്ല് കറുത്തു പോകുന്നത്? അനുസരണയുള്ള വിശ്വാസപക്ഷത്തുള്ളവരുടെ പ്രവർത്തനങ്ങളാൽ സംശുദ്ധമാകാത്ത (വെളുക്കാത്ത) തെന്തേ? സമാനതകളില്ലാത്ത അല്ലാഹുവിൽ സമ്പൂർണ്ണമായും അവർ വിശ്വസിക്കുന്നവരല്ലേ?

## MY REPLY : എന്റെ മറുപടി.

അല്ലാഹു(ത) അക്കാര്യം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അതു അപ്രകാരം തന്നെ ആകുമായിരുന്നു. എന്നാൽ അല്ലാഹു(ത) അതിനെ അങ്ങനെയാക്കി, സാധാരണയായി, കറുത്തനിറങ്ങൾ ഉള്ളതിന്, മറ്റു നിറങ്ങൾ കൊടുക്കാറില്ല. വെളുപ്പ് നിറത്തിന്റെ വിപരീതമാണ് കറുപ്പ്. അതുമാത്രമല്ല, ഈ നിറമാണ് ഇപ്പോൾ ഇതിനെ തിരിച്ചറിയുവാനുള്ള ഏകമാർഗ്ഗം. ഇതിന്റെ വ്യക്തിത്വം, മാനവ സമുദായത്തിന് ഒരു ഓർമ്മപ്പെടുത്തലുമാകുന്നു. അതായത് എല്ലാ രൂപത്തിലുള്ള തിന്മകൾ നിശ്ചയമായും ഒഴിവാക്കേണ്ടതാണെന്നും നിങ്ങൾ സ്വയം സംസ്ക്കരിക്കേണ്ടതാണെന്നും! തീർത്ഥാടനം (ഉംറ:യും ഹജ്ജും) വിശ്വാസികളുടെ പരിശുദ്ധിയുടെ ഉറവിടമാണെങ്കിൽ അതിലെ മതപരമായ ഓരോ ചടങ്ങിലും ഓരോ പാഠം പഠിക്കേണ്ടതായിട്ടുണ്ടാകും. പ്രധാനമായ ലക്ഷ്യം മനുഷ്യന്റെ സമ്പൂർണ്ണമായ ശുദ്ധീകരണമാകുന്നു. തീർത്ഥാടനത്തിലെ ഓരോ അടയാളവും, അവർക്കായുള്ള ഓർമ്മപ്പെടുത്തലുകളുമാകുന്നു. അതായത് അവരുടെ മുൻകാലജീവിതത്തെ, അവർ തീർച്ചയായും, പിന്നിലേക്ക് മാറ്റി നിർത്തുക തന്നെ വേണം, വിശിഷ്യാ അവരുടെ ജീവിതം പാപപങ്കിലമായിരുന്നുവെങ്കിൽ!

കല്ലിനെ സ്പർശിക്കുക, അഥവാ അതിനെ ചുംബിക്കുക അഥവാ കൈകൊണ്ട് ഒരാംഗ്യം കാണിക്കുക, കൈകൾ ഉയർത്തുക ഇത് കഅ്ബ പ്രദിക്ഷിണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വ്യക്തിയുടെ പ്രഥമാ പ്രവർത്തി ആകുന്നു. അത് ചെറിയ തീർത്ഥാടനമായാലും ശരി, വലിയ തീർത്ഥാടനമായാലും ശരി! അഥവാ മതപരമായ ഒരു പുണ്യപ്രവർത്തിയാകട്ടെ! ജാബിർ ഇബ്ന് അബ്ദുല്ലാഹ് (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. അല്ലാഹു(ത)യുടെ ദൂതൻ(സ) മക്കയിൽ എപ്പോൾ എത്തിച്ചേർന്നാലും

അപ്പോൾ, അദ്ദേഹം സ്വയം പ്രസ്തുത കല്ലിന്റെ സമീപത്തെത്തുകയും അതിനെ സ്പർശിക്കുകയും ചെയ്തിരുന്നു. എന്നിട്ട് അദ്ദേഹം തന്റെ വലതുഭാഗം മാറി പോകുമായിരുന്നു. മൂന്ന് പ്രാവശ്യം കഅ്ബ പ്രദിക്ഷിണം ധൃതിയിൽ ചെയ്യുമായിരുന്നു. എന്നിട്ട് നാല് പ്രാവശ്യം, സാധാരണ ഗതിയിൽ നടന്ന് പ്രദിക്ഷിണം പൂർത്തിയാക്കുമായിരുന്നു. (മുസ്ലിം)

ഉമർ(റ)നെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഉമർ(റ) സ്വയം പ്രസ്തുത കല്ലിന്റെ സമീപത്തെത്തുകയും, അതിനെ ചുംബിക്കുകയും ചെയ്തു. എന്നിട്ട് അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി. എനിക്കറിയാം നീ വെറും ഒരു കല്ല് മാത്രമാണെന്ന് ! നിനക്ക് ഒരു നന്മ കൊണ്ടുവരുവാനോ, ഒരു ഉപദ്രവം ഏല്പിക്കുവാനോ കഴിയുകയില്ല എന്നും എനിക്കറിയാം. പ്രവാചകൻ(സ) നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടില്ലായിരുന്നുവെങ്കിൽ, ഞാനിതു ചെയ്യുമായിരുന്നില്ല (ബുഖാരി, മുസ്ലിം)

ആയതിനാൽ, തീർത്ഥാടകന് അതിനെ ചുംബിക്കുവാൻ കഴിയുന്നില്ലെങ്കിൽ, അദ്ദേഹത്തിന് അവന്റെ കൈകൊണ്ട് അതിനെ സ്പർശിക്കാവുന്നതാണ്, അഥവാ എന്തെങ്കിലും ഒരു വസ്തുകൊണ്ട് അതിലേക്ക് ചൂണ്ടി കാണിക്കുകയും എന്നിട്ട് പ്രസ്തുത വസ്തുവിനെ ചുംബിക്കുകയും ചെയ്യാവുന്നതാണ്.

മറ്റൊരു പ്രവാചക വചനത്തിൽ അബൂതുഫൈൽ (റ) പറഞ്ഞിരിക്കുന്നു. കഅ്ബയ്ക്കു ചുറ്റും പ്രദിക്ഷണം ചെയ്യുന്നതായി ഞാൻ പ്രവാചകൻ(സ)യെ കാണുകയുണ്ടായി. പ്രവാചകൻ (സ)യുടെ കയ്യിലുണ്ടായിരുന്ന ഒരു വെളുത്ത വടി കൊണ്ട് മൂലയിൽ സ്പർശിക്കുകയും (കറുത്തകല്ലുള്ള സ്ഥലത്ത്) എന്നിട്ട് അതിനെ പ്രസ്തുത കമ്പിനെ ചുംബിക്കുകയും ചെയ്തു. (മുസ്ലിം)

ഇബ്നു അബ്ബാസ് (റ) റിപ്പോർട്ട് ചെയ്യുകയുണ്ടായി. അല്ലാഹുവിന്റെ ദൂതൻ(സ) അദ്ദേഹത്തിന്റെ ഒട്ടകപ്പുറത്തിരുന്ന് പ്രദിക്ഷിണം ചെയ്യുന്നതായി ഞാൻ കാണുകയുണ്ടായി. ഓരോ പ്രാവശ്യവും ആ മൂലയിൽ വരുമ്പോൾ (കറുത്തകല്ല് സ്ഥാപിച്ചിരിക്കുന്ന സ്ഥലത്ത്) അദ്ദേഹം അതിനെ ലക്ഷ്യം വെയ്ച്ച് ചൂണ്ടുകയും അല്ലാഹു അക്ബർ എന്ന് പറയുകയും ചെയ്യുമായിരുന്നു (ബുഖാരി)

പ്രസ്തുത കല്ലിലും കഅ്ബയുടെ യമനി മൂലയിലും സ്പർശിക്കുന്നത്, പരമോന്നതായ അല്ലാഹു പാപമുക്തി നല്കുന്നതിനുള്ള ഒരു വഴിയാണ്. ഇബ്ന് ഉമർ (റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറയുന്നത് ഞാൻ കേൾക്കുക യുണ്ടായി. അവയെ സ്പർശിക്കുന്നത് പാപമുക്തിക്കുള്ള ഒരു വഴിയാണ്.

ഹജറുൽ അസവദ് (കറുത്തകല്ല്) ആന്തരിക ദർശനമു ള്ളവർക്ക്, ജാഗ്രതാനിർദ്ദേശം നല്കുന്നത് തന്നെയാണ്. ഈ കറുത്തകല്ലിന്റെ അടയാളം നോക്കി പാപങ്ങൾ ഉപേക്ഷിക്കുക യാണെങ്കിൽ, ഹൃദയത്തിന്റെ ആഴങ്ങളിലെ അടയാളങ്ങൾ നോക്കി, അവരുടെ പാപങ്ങൾ ഉപേക്ഷിക്കുവാൻ സാധിക്കുന്ന താണ്. അങ്ങനെ നമുക്ക് പാപങ്ങൾ ഒഴിവാക്കുവാൻ സാധി ക്കുന്നതാണ്.

പ്രസ്തുത കറുത്തകല്ലിന്റെ സമീപത്ത്, മുസ്ലിംകൾ മറ്റു മുസ്ലിംകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് യാതൊരു കാരണവ ശാലും അനുവദനീയമല്ല. ഇടിക്കുകയോ, മല്ലടിക്കുകയോ ചെയ്യാൻ പാടില്ല. പ്രസ്തുത കല്ലുമൂലം നിങ്ങൾ പരീക്ഷിക്കപ്പെ ടുന്നതാണ്. പ്രസ്തുത കല്ലിനെ നീതിപൂർവ്വം സ്പർശിച്ചതാര് എന്നും, മറ്റുള്ള അല്ലാഹുവിന്റെ ദാസന്മാരെ ഉപദ്രവിച്ചിട്ട് സ്പർശിച്ചതാരെന്നും ചോദിക്കപ്പെടുന്നതാണ്.

## THE STRUCTURE OF THE KA'ABA
## അ്ബയുടെ എടന

ഹിജ്റ 8-ാം വർഷത്തിൽ മക്ക ആക്രമണത്തിന് ശേഷം, പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫ(സ) കഅ്ബ കെട്ടി ടത്തിന് മാറ്റം ഒന്നും വരുത്തിയില്ല. അകത്തുണ്ടായിരുന്ന എല്ലാ പ്രതിമകളും നശിപ്പിക്കപ്പെട്ടു. എല്ലാവിധ മാലിന്യങ്ങളിൽ നിന്നും കഅ്ബ മുക്തമാക്കപ്പെട്ടു. സംശയലേശമന്യേ, ഭൂമു ഖത്തെ ഏറ്റവും ആദരണീയമായ കെട്ടിടം കഅ്ബതന്നെ. ഇതിന്റെ ആദരണീയത വർദ്ധിപ്പിക്കുവാനുള്ള, അല്ലാഹുവി നോടുള്ള അപേക്ഷ, മുസ്ലിംകൾ നിർത്തുന്നതുമല്ല. ഓരോ വർഷവും പത്തുലക്ഷത്തിലധികം തീർത്ഥാടകർ, ഇതിനെ ആദ്യ മായി കാണുന്നുണ്ട്. താഴെപറയുന്ന പ്രാർത്ഥന അവർ ഉരു വിട്ടു കൊണ്ടിരിക്കുന്നു. നാഥാ! ഈ ആരാധനാലയത്തിന്റെ മഹത്വത്തെ നീ വർദ്ധിപ്പിക്കേണമെ! ഇതിന്റെ വിലയും പരി

പാപനതയും നീ ഉയർത്തേണമെ! നിന്റെ മഹത്വത്താലും തേജസ്സിനാലും, വലിയ തീർത്ഥാടനമായാലും, ചെറിയ തീർത്ഥാടനമായാലും, ഹജ്ജും, ഉമറയും നിർവ്വഹിക്കുന്ന എല്ലാവരുടെ മേലും നീ അധികമധികം അനുഗ്രഹം ചൊരിയണേമെ.

ഇത്കൊണ്ട് തന്നെയാണ് ലോകത്തിലെ ഏറ്റവും വിലപിടിപ്പുള്ള, ചെലവേറിയ വാതിലായി കഅ്ബ മാറിയത്. ഈ വാതിലിന് 280 കിലോഗ്രം ഭാരമുണ്ട്. 99% സംശുദ്ധമായ സ്വർണ്ണത്താൽ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. 80മില്യൺ മൗറിഷ്യൻ രൂപയേക്കാൾ ഇതിന് വിലയുണ്ട്. ഖുർആൻ വചനങ്ങളുടെ സുന്ദരമായ കൈയക്ഷരം (ഉണ്ടാക്കുന്ന കല) അത് ഉൾക്കൊള്ളുന്നു. യഥാർത്ഥത്തിൽ കഅ്ബയുടെ വാതിൽ, രൂപപ്പെടുത്തിയിരിക്കുന്നത് രണ്ടു വാതിലുകൾകൊണ്ടാണ്. ഒന്ന് അകത്തേക്ക് അഭിമുഖമായിട്ടും, മറ്റൊന്ന് പുറത്തേക്ക് അഭിമുഖമായിട്ടും, ഇത് തറയിൽ നിന്നും 2.25 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു.

കറുത്ത സിൽക്ക്തുണിയാൽ കഅ്ബ സ്ഥിരമായി മൂടപ്പെട്ടിരിക്കുന്നു. 650 സ്ക്വയർ മീറ്റർ സ്ഥലമുണ്ടത്. ഈ തുണിയിൽ ഖുർആനിക വചനങ്ങൾ സ്വർണ്ണം കൊണ്ട് ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ നിർമ്മിതിയ്ക്കായി ഒരു പ്രത്യേക വ്യവസായ യൂണിറ്റ് നിലനിർത്തിയിരിക്കുന്നു. ഈ ഫാക്ടറി ജിദ്ദയിൽ നിന്നും മക്കയിലേക്ക് പോകുന്ന പഴയ ഹൈവേയിൽ സ്ഥിതി ചെയ്യുന്നു. 250ൽപരം വിദഗ്ധ തൊഴിലാളികൾ ഇവിടെ പണി എടുക്കുന്നു. ഓരോരുത്തരും ഓരോ ശാഖയിൽ വൈദഗ്ധ്യം നേടിയവരാണ്. തുന്നലിനും, ചിത്രത്തയ്യലിനും, സുന്ദരമായ കയ്യക്ഷരം ഉണ്ടാക്കുന്നതിലും തുടങ്ങി പലതിലും! ഈ ഫാക്ടറിയിലെ യന്ത്രസംവിധാനം തുടർച്ചയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഓരോ വർഷവും ഓരോ പുതിയ കവർ അഥവാ മൂടി കഅ്ബയ്ക്ക് വേണ്ടി ഉല്പാദിപ്പിക്കുവാൻ!

കഅ്ബ കെട്ടിടം തികച്ചും ഘനവടിവുള്ളതല്ല. ചതുരശ്രമായതായതാണ് എന്ന് പറയുന്നതാണ് കൂടുതൽ ശരി, കാരണം ഇതിന് 13മീറ്റർ നീളവും 12മീറ്റർ വീതിയും 15മീറ്റർ ഉയരവുമാണുള്ളത്. കഅ്ബയുടെ ഭിത്തികൾ മൂന്ന് പോയിന്റിലേക്ക് ലക്ഷീഭവിക്കുന്നതല്ല. മറിച്ച് നാല് മൂലകളിലേക്ക് ലക്ഷീഭവിക്കുന്നതാണ്.

കഅ്ബയുടെ ഉൾഭാഗം ഒരു ഒഴിഞ്ഞ മുറിയായി കാണപ്പെടുന്നു. ഒരു സ്റ്റാൻഡിൽ ഖുർആന്റെ ഭീമാകാരമായ ഒരു പ്രതി നമുക്ക് കാണാം. ഭിത്തി മാർബിൾ വസ്ത്രം ധരിച്ചതായി കാണപ്പെടുന്നു.

ക്രിസ്താബ്ദം 683-ൽ മുആവിയായുടെ മകനായ ഖലീഫ യസീദിന്റെ ഭരണത്തെ അബ്ദുല്ലാഹ് ഇബ്നുസ്സുബൈർ എതിർക്കുകയുണ്ടായി. 693ൽ ഹജ്ജാജ്ബ്നു യൂസുഫ് മക്കയെ ആക്രമിക്കുകയും അബ്ദുല്ലാഹ് ഇബ്നുസ്സുബൈറിനെ വധിക്കുകയും ചെയ്തു. പ്രസ്തുത സമയത്തെ ഖലീഫയായ അബ്ദുൽ മലിക്കുമായുള്ള ഉടമ്പടി പ്രകാരം കഅ്ബയെ പൊളിക്കുകയും ഖുറൈശികളുടെ മാതൃകയനുസരിച്ച് വീണ്ടും നിർമ്മിക്കുകയുമുണ്ടായി. പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫ(സ) നിർമ്മിച്ച രീതിയിൽ ക്രിസ്താബ്ദം 1630-ൽ കഅ്ബയുടെ വടക്കുപടിഞ്ഞാറൻ ഭിത്തി ശക്തമായ വെള്ളപ്പൊക്കത്തിൽ കേടുപാടുകൾ സംഭവിക്കുകയുണ്ടായി. സുൽത്താൻ മുറാദ് അത് പൊളിക്കുവാൻ കല്പന പുറപ്പെടുവിക്കുകയും ഖുറൈശികൾ നിർമ്മിച്ച രീതിയനുസരിച്ച് പുനർ നിർമ്മിക്കുകയുമുണ്ടായി. പ്രസ്തുത പുനഃനിർമ്മതിക്ക് അതിന്റെ യഥാർത്ഥ കല്ലുകളാണ് ഉപയോഗിച്ചത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അന്നുമുതൽ ആരും തന്നെ അതിന്റെ മാതൃകയിൽ ഗുരുതരമായ നിലയിൽ കൈകടത്തൽ നടത്തിയിട്ടില്ല. ചെറിയ നിലയിലുള്ള നവീകരണം മാത്രമാണ് നടത്തിയിട്ടുള്ളത്. ഇന്ന് നിലനില്ക്കുന്നത് ഈ കഅ്ബ ആകുന്നു.

കഅ്ബയ്ക്ക് അനേകം പേരുകളുണ്ട്. അതിൽപെട്ടതാണ്, ബൈത്തുല്ലാഹ് (ദൈവത്തിന്റെ ഭവനം) ബൈത്തുൽ ഹറം (ആദരണീയമായ ഭവനം) ബൈത്തുൽ അത്തീഖ് (പുരാതന ഭവനം) അൽ അഖ്ദസ് (പരിശുദ്ധ ഭവനങ്ങളിൽ വെച്ച് ഏറ്റവും പരിശുദ്ധമായ ഭവനം) അൽ മുഖദ്ദസ: (പരിശുദ്ധ ഹൃദയം) തുടങ്ങിയവ.

*കഅ്ബയ്ക്ക് പ്രത്യേകമായ സ്ഥാനമഹിമയുണ്ട്. അത് ഉറപ്പായ കാര്യവുമാണ്. സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം മക്കയിലുള്ളതുതന്നെയാണ്. (അത് അനുഗൃഹീതവും സർവ്വലോകർക്കുമുള്ള മാർഗദർശക കേന്ദ്രവുമത്രെ (8, 97)*

മാത്രമല്ല അല്ലാഹു(ത) പറയുന്നു, അതിൽ പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങളുണ്ട്. ഇബ്റാഹീമിന്റെ (നമസ്ക്കാര) സ്ഥാനമാണ് (അത്) അതിൽ ആരെങ്കിലും പ്രവേശിച്ചാൽ അവൻ നിർഭയനായി. അതിലേക്ക് പോകാൻ കഴിവുള്ള എല്ലാ മനുഷ്യർക്കും പ്രസ്തുത മന്ദിരത്തിൽ ചെന്ന് ഹജ്ജ് നിർവ്വഹിക്കേണ്ടത് അല്ലാഹുവിനോടുള്ള കടമയാണ്. ഇനി ആരെങ്കിലും നിഷേധധക്കുന്നതായാൽ നിശ്ചയമായും അല്ലാഹു ലോകത്തിൽ ആരുടെയും യാതൊരുവിധ ആശ്രയുമില്ലാത്തവനാണ് (എന്ന് മനസ്സിലാക്കിക്കൊള്ളട്ടെ) (3:98)

ഒടുവിൽ, പറയട്ടെ! കഅ്ബയ്ക്ക് മണ്ണിലും വിണ്ണിലുമായി രണ്ട് ഭാവങ്ങളുണ്ട്. മനുഷ്യൻ എവിടെ ആയിരുന്നാലും ശരി, സമുദ്രത്തിലോ, കരയിലോ, ആകാശത്തോ, (എവിടെ ആയാലും ശരി) അവന്റെ ദൈനംദിന 5നേരം പ്രാർത്ഥനയ്ക്കായി, ഇതിന്റെ നേരെ (ഖിബ്ലയെ) അഭിമുഖീകരിക്കേണ്ടതാണ്.

പരിശുദ്ധ ഭവനത്തെ സംരക്ഷിക്കുവാനായി കഠിനയത്നം ചെയ്യുന്നവരുടെ കൂട്ടത്തിൽ അല്ലാഹു(ത) നമ്മെ ഉൾപ്പെടുത്തട്ടെ! ഇസ്ലാമിലെ അഞ്ചാമത്തെ സ്തഭമായ ഹജ്ജ് നിർവ്വഹണത്തിനായി അല്ലാഹു(ത) നമുക്ക് പാത തുറന്നു തരട്ടെ! സമാധാനത്തോടെയും സ്വാതികതയോടെയും അത് നിർവ്വഹിക്കുവാനുള്ള തഫീഖ് ചെയ്യട്ടെ. ആമീൻ. ഇൻശാ അല്ലാഹ്  ഞാൻ എല്ലാവർക്കും മുൻകൂട്ടി ഈദുൽ അദ്ഹാ മുബാറക്ക് നേരുന്നു.

ഇസ്ലാമിന്റെ അടയാളങ്ങളെയും, ചിഹ്നങ്ങളെയും, മുസ്ലിംകളെയും എല്ലാവരെയും അല്ലാഹു(ത) സംരക്ഷിക്കട്ടെ! അവരുടെ വിശ്വാസം കാത്തുസൂക്ഷിക്കുവാൻ അവർക്ക് കഴിയട്ടെ! സാത്താനും അവന്റെ സൈന്യത്തിനും എതിരിൽ നിലകൊള്ളുവാൻ അവൻ അവരെ പ്രാപ്തമാക്കട്ടെ? ഇൻശാ അല്ലാഹ്! ആമീൻ!



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*